

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



## 11. സാമുദായിക ലഹളകളുടെ പാഠം

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

11 സാമുദായിക ലഹളകളുടെ പാഠം . . . . . . . . . . . 1

## 11

# സാമുദായിക ലഹളകളുടെ പാഠം

ദൽഹിയിൽ വെച്ച കൂടിയ ദേശീയ സംയോജന കൗൺസിലിന്റെ സംയുക്തപ്രസ്താവനയിലെ മഷി ഉണങ്ങുന്നതിനു മുമ്പു തന്നെ അലിഗാറിലേയും മറ്റു ചില പട്ടണങ്ങളിലേയും തെരുവുകളിൽ നിന്നു പൊട്ടിപ്പുറപ്പെട്ട രക്തമൊഴുകിയിരിക്കുന്നു. ഡസൻകണക്കിൽ ഹിന്ദുക്കളും മുസ്ലീങ്ങളും കത്തിക്കുത്തേറ്റു മരിച്ചിട്ടുണ്ട്. ഹിന്ദുമതഭ്രാന്തന്മാർ മുസ്ലീങ്ങളുടെയും മുസ്ലീംമതഭ്രാന്തന്മാർ ഹിന്ദുക്കളുടെയും ഷോപ്പുകൾ കൊള്ളയടിച്ചിരിക്കുന്നു. ഒട്ടനവധി നിരപരാധികളുടെ വീടുകൾ അഗ്നിയ്ക്കിരയാക്കപ്പെട്ടിരിയ്ക്കുന്നു. സാമുദായികഭ്രാന്തും മനുഷ്യവിദ്വേഷവും കൈകോർത്തുപിടിച്ച നൃത്തം ചെയ്യുകയാണ്.

അലിഗാർ യൂനിവേഴ്സിറ്റിയിലെ വിദ്യാർത്ഥിയൂണിയൻ തിരഞ്ഞെടുപ്പിനെത്തുടർന്നാണത്രേ ലഹളയാരംഭിച്ചത്. ഹിന്ദുവിദ്യാർത്ഥികളും മുസ്ലീംവിദ്യാർത്ഥികളും തമ്മിലായിരുന്ന മത്സരമൊന്നും എല്ലാ മുസ്ലീം സ്ഥാനാർത്ഥികളും ജയിച്ചുവെന്നും വിജയലഹരിയിൽ അവർ ഹിന്ദുവിദ്യാർത്ഥികളുടെ പ്രതിമ കത്തിച്ചുവെന്നും പകപോക്കാൻ വേണ്ടി ഹിന്ദുവിദ്യാർത്ഥികൾ ഒരു ഹോസ്റ്റലിൽ കടന്നുചെന്നു മുസ്ലീം വിദ്യാർത്ഥികളെ ആക്രമിച്ചുവെന്നും ഏറെത്താമസിയാതെ വിശ്വവിദ്യാലയത്തിന്നുള്ളിലെ ഈ വിദ്വേഷാഗ്നി പുറത്തേയ്ക്കു പരന്നുപിടിച്ച് വിദ്യാർത്ഥികളല്ലാത്ത ഹിന്ദുക്കളും മുസ്ലീംങ്ങളും തമ്മിലുള്ള ഒരു ലഹളയായിപ്പരിണമിച്ചുവെന്നും മറ്റുമാണ് പത്രറിപ്പോർട്ടുകളിൽ നിന്നു മനസ്സിലാക്കുന്നത്.

രാജ്യത്തിന്നാകെ ഏറ്റവും അപമാനകരമായ ഒരു സംഭവവികാസമാണിതെന്ന പ്രധാനമന്ത്രി നെഹ്റുവിന്റെ പ്രസ്താവന തികച്ചും ശരിയാണ്. പക്ഷേ, ലഹളയുടെ യഥാർത്ഥ കാരണമെന്താണെന്നു കണ്ടുപിടിയ്ക്കാനും ഇത്തരം ലജ്ജാവഹമായ സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള വഴികളാരായാനും അദ്ദേഹം മുതിരുന്നില്ലെന്നത് ഖേദകരമായിരിക്കുന്നു. മുതിർന്നിരുന്നുവെങ്കിൽ സ്വന്തം പാർട്ടിയായ കോൺഗ്രസ്സിനെ വാനോളം പുകഴ്ത്താൻ വേണ്ടി തന്റെ മദ്രാസ് പ്രസംഗത്തെ അദ്ദേഹം ഉപയോഗിക്കുമായിരുന്നില്ല. സാമുദായികവിദ്വേഷം വളർത്തുന്ന കാര്യത്തിൽ തന്റെ സ്വന്തം പാർട്ടി വഹിച്ച പങ്കിനെ അദ്ദേഹം തുറന്നു കാണിയ്ക്കുമായിരുന്നു.

ഏതാണ്ടു നാലുകൊല്ലങ്ങൾക്കു മുമ്പ് ഡോക്ടർ സക്കീർ ഹുസൈൻ വൈസ് ചാൻസലർസ്ഥാനത്തു നിന്നു റിട്ടയർചെയ്യുന്നതുവരെ അലിഗാർ യൂനിവേഴ്സിറ്റിയിൽ സാമുദായികവാദത്തിന്റെ അഴിഞ്ഞാട്ടമുണ്ടായിരുന്നില്ല. സാമുദായികവാദത്തെയല്ല, ദേശീയൈക്യത്തെയാണു അദ്ദേഹം പ്രോത്സാഹിപ്പിച്ചത്. സാമുദായികവാദത്തിനെതിരായ ലിബറൽ ചിന്താഗതികളും പുരോഗമനാശയങ്ങളും ഹറാമായിരുന്നില്ല.

അക്കാലത്തും വിദ്യാർത്ഥി യൂണിയന്റെ തിരഞ്ഞെടുപ്പുകളുണ്ടായിരുന്നു. പക്ഷേ, ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള വിദ്വേഷമായിരുന്നില്ല തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനം. നേരെമറിച്ച്, പുരോഗമനവാദികളായ ഹിന്ദു-മുസ്ലീം വിദ്യാർത്ഥികൾക്കെതിരായി പിന്തിരിപ്പൻ ചിന്താഗതിക്കാരായ ഹിന്ദുവിദ്യാർത്ഥികളും മുസ്ലീം വിദ്യാർത്ഥികളും യോജിച്ചു പൊരുതുന്ന കാഴ്ച അസുലഭമായിരുന്നില്ല. സാമുദായികവാദത്തിന്നെതിരായി പ്രസംഗിയ്ക്കാൻ കോൺഗ്രസ്സനേതാക്കന്മാർക്കു മടിയില്ലാതിരുന്ന ഒരു കാലമായിരുന്നു അത്.

എന്നാൽ, നാലുകൊല്ലങ്ങൾക്കു മുമ്പു കേരളത്തിലൊരു കമ്യൂണിസ്റ്റ് മന്ത്രിസഭ ഉടലെടുത്തതോടെ സ്ഥിതി മാറി. കോൺഗ്രസ്സ നേതാക്കന്മാരുടെ ഒന്നാം നമ്പർ ശത്രു കമ്യൂണിസമായിത്തീർന്നു. ജനങ്ങളുടെ പ്രത്യേകിച്ചും തൊഴിലാളി കർഷകബഹുജനങ്ങളുടെ, വളർന്നുവരുന്ന യോജിപ്പിനെ വെട്ടിമുറിയ്ക്കാനും കമ്യൂണിസ്റ്റ് ഗവൺമെൻറിനെ മറിക്കാനും വേണ്ടി അവർ സാമുദായികവാദത്തിന്റെ സഹായം തേടി. കമ്യൂണിസത്തിന്നെതിരായ സമരത്തിൽ പള്ളികളും അൽത്താരകളും ജിഹാദുവിളികളും സമർത്ഥമായി ഉപയോഗിക്കപ്പെട്ടു. മുസ്ലീംലീഗിന്റെയും നായർ സർവ്വീസ് സൊസൈറ്റിയുടെയും കത്തോലിക്കാസഭയുടെയും നേതാക്കന്മാരുടെ അനുഗ്രഹാശിസ്സുകളോടു കൂടിയാണ് ശ്രീമന്നാരായണനും ധബാറും ഇന്ദിരാഗാന്ധിയും മറ്റു കോൺഗ്രസ്സ് നേതാക്കളും തങ്ങളുടെ കുരിശുയുദ്ധമാരംഭിച്ചത്. മുസ്ലീംലീഗിന്റെ കൊടിക്കീഴിൽ മുസ്ലീംലീഗിന്റെ മാല കഴുത്തിലിട്ടുകൊണ്ട് കമ്യൂണിസത്തിന്നെതിരായി പ്രസംഗിയ്ക്കുന്നത് ഒരന്തസ്സായിട്ടാണ് സഞ്ജീവറെഡ്ഡിയും മറ്റു കോൺഗ്രസ്സ് നേതാക്കന്മാരും കണക്കാക്കിയത്. മുസ്ലീംലീഗ് ഒരു ജനാധിപത്യപ്പാർട്ടിയായി ഉയർത്തപ്പെട്ടു. മുസ്ലീംലീഗിന്റെ വിജയം ജനാധിപത്യത്തിന്റെയും രാജ്യത്തിന്റെ തന്നെയും വിജയമാണെന്നു കോൺഗ്രസ്സ് നേതാക്കന്മാർ നാടുനീളെ പ്രസംഗിച്ചു നടന്നു. ചത്ത കുതിരയ്ക്കു പെട്ടെന്നു ജീവൻ വെച്ചു. അതു ചാടിച്ചാടി മറ്റു സംസ്ഥാനങ്ങളിലും പാഞ്ഞുനടന്നു. കോൺഗ്രസ്സ ഭരണാധികാരികളുടെ നിശ്ശബ്ദമായ അംഗീകാരത്തോടുകൂടിത്തന്നെ മദ്രാസിലും ബോംബെയിലും ഉത്തർപ്രദേശിലുമെല്ലാം മുസ്ലീംലീഗിന് ശവപ്പെട്ടിയിൽ നിന്നു ഉയിർത്തെഴുന്നേറ്റു.

ഇതിന്നുവേണ്ടിയാണ് ജനസംഘം കാത്തുനിന്നിരുന്നതും. കോൺഗ്രസ്സ നേതൃത്വം മുസ്ലീംലീഗിനു നൽകിയ പ്രോത്സാഹനത്തെ സമർത്ഥമായി ചൂഷണം ചെയ്തുകൊണ്ട് ജനസംഘം പൂർവ്വാധികം ശക്തിപ്പെട്ടു. പല ഉപതിരഞ്ഞെടുപ്പുകളിലും ജനസംഘക്കാർ കോൺഗ്രസ്സിനെ പരാജയപ്പെടുത്തി. അതിന്റെ ഇയ്യിടത്തെ ഉദാഹരണമാണ് ജയപ്പൂർ. അങ്ങിനെ കാറ്റുവിതച്ച കോൺഗ്രസ്സനേതാക്കന്മാർ കൊടുങ്കാറ്റു കൊയ്യാൻ നിർബ്ബദ്ധരായി.

അലിഗാറിലെന്താണുണ്ടായത്? സക്കീർ ഹുസൈന്നു പകരം വന്നത് ദുർബ്ബലനായ കേണൽ സൈദിയാണ്. റസാക്കർ പാരമ്പര്യമുള്ള പ്രോവൈസ്ചാൻസലർ യൂസഫ് ഹുസ്സൈന്ന് തന്റെ പ്രഭവം മുഴുവനും കാണിക്കാൻ നല്ലൊരവസരം കിട്ടി. അറുപിന്തിരിപ്പൻ മുസ്ലീം സമുദായികസംഘടനയായ ജമായത്തേ ഇസ്ലാമി പ്രോത്സാഹിപ്പിക്കപ്പെട്ടു. അതോടൊപ്പം അനിവാര്യമാണെന്നും പിന്തിരിപ്പൻ ഹിന്ദുസംഘടനയായ ആർ.എസ്സ്.എസ്സും മുന്നോട്ടു വന്നു.

അവിടേയും ഒന്നാംനമ്പർ ശത്രു കമ്യൂണിസമായിരുന്നു. സാമുദായികസംഘടനകളോടു കൂറുകാണിക്കാത്ത അധ്യാപകന്മാരെല്ലാം നിരീശ്വരവാദികളായ കമ്യൂണിസ്റ്റുകാരെന്നു മുദ്രയടിക്കപ്പെട്ടു. സെക്കുലറിസത്തിന്റെയും യഥാർത്ഥജനാധിപത്യത്തിൻറേയും ശബ്ദം ഞെക്കിഞെരിക്കപ്പെട്ടു. ആലിഗാർ യുനിവേഴ്സിറ്റിക്കുഴപ്പങ്ങളെപ്പറ്റി പാർലിമെൻറിൽ നടന്ന ചർച്ചയ്ക്കിടയിൽ സാമുദായിക വാദവും കമ്യൂണിസവും ഒരുപോലെയുള്ള ആപത്തുകളാണെന്ന വിദ്യാഭ്യാസമന്ത്രിയുടെ പ്രഖ്യാപനം വാസ്തവത്തിൽ ജമായത്തേ ഇസ്ലാമിയുടേയും ആർ.എസ്സ്.എസ്സിൻറേയും ആപത്തിനെ ലഘൂകരിച്ചു കാണാനും അങ്ങിനെ അവരുടെ ശക്തി വർദ്ധിപ്പിക്കാനുമാണ് സഹായിച്ചത്.

അലിഗാറിലെ വിദ്യാർത്ഥിലഹളയുടേയും അതിനെത്തുടർന്നുണ്ടായ ഹിന്ദുമുസ്ലീം ലഹളയുടെയും പിന്നിൽ ജമായത്തെ ഇസ്ലാമിയുടേയും ആർ.എസ്സ്.എസ്സിൻറേയും കറുത്ത കൈകളാണ് പ്രവർത്തിച്ചത്. ഈ പരാമർത്ഥം മറച്ചുവെയ്ക്കുന്നതുകൊണ്ടു പ്രയോജനമില്ല.

കമ്യൂണിസത്തിന്നെതിരായി ജനങ്ങളെ യോജിപ്പിക്കാനുള്ള ഏതു ശ്രമവും ഒടുവിൽ അനൈക്യം വളർത്താനും ലഹളകൾ സൃഷ്ടിക്കാനുമാണു പ്രയോജനപ്പെടുക എന്ന ചരിത്രസത്യം ഒരിക്കൽക്കൂടി ഉച്ചത്തിൽ വിളിച്ചു പറയുകയാണു അലിഗാറിലെയും മറ്റു ഉത്തരേന്ത്യൻ പട്ടണങ്ങളിലേയും സാമുദായികലഹളകൾ ചെയ്യുന്നത് ഈ സത്യം മനസ്സിലാക്കാൻ കോൺഗ്രസ്സനേതാക്കന്മാർ ഇനിയെങ്കിലും തയ്യാറാവുമോ എന്നതാണ് അടിയന്തിരപ്രശ്നം. കമ്യൂണിസമല്ല. സാമുദായികവാദമാണ് രാജ്യത്തിന്റെ യഥാർത്ഥശത്രുവെന്നു മനസ്സിലാക്കാനും കമ്യൂണിസ്റ്റുകാരടക്കമുള്ള എല്ലാ ദേശീയ ജനാധിപത്യ ശക്തികളേയും യോജിപ്പിച്ചണിനിരത്തിക്കൊണ്ട് സാമുദായിക വാദത്തിന്നെതിരായി യുദ്ധം പ്രഖ്യാപിക്കാനും ഇയ്യിടെ തിരഞ്ഞെടുക്കപ്പെട്ട ദേശീയസംയോജനം കൗൺസിലെങ്കിലും തയ്യാറാവുമോ? ഈ ചോദ്യത്തിന്നുള്ള മറുപടിയെ ആശ്രയിച്ചാണ് രാജ്യത്തിന്റെ ഭാവി കിടക്കുന്നത്.

14. 10. 1961

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014